(സി) ഇപ്പോൾ എത്ര വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കടലോരങ്ങളിൽ ഇല്ല. എന്നാൽ ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്ര സർക്കാർ ഇന്ത്യൻ കമ്പനികളുടെ വിദേശ ട്രോളറുകൾക്കു അനുവാദം നൽകിയിട്ടുണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധന ലൈസൻസ് നൽകരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കൃത്യം എണ്ണം അറിയില്ല.

(ഡി) ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഗിരിധാരാ കുടിവെള്ള പ്രോജക്ടിന്റെ പ്രവർത്തനം

*24 [54] ശ്രീ. ടി. കെ. ദേവകുമാർ:
" എം. വി. ജയരാജൻ:
" വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ആദിവാസി മേഖലയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ ഗിരിധാരാ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കീമിന് ഭരണാനുമതി നൽകിയപ്പോൾ സർക്കാർ എന്തെല്ലാം നിബന്ധനകളാണ് വച്ചിരുന്നത്;

(സി) ഈ സ്കീമിന്റെ നടത്തിപ്പ് ആദ്യം ആർക്കു നൽകുവാനാണ് തീരുമാനിച്ചത്; ഇതു സംബന്ധിച്ച് ആദ്യ തീരുമാനം മാറ്റി പകരം മറ്റൊരു ഏജൻസിക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചുമതല നൽകുകയുണ്ടായോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്നും ആർക്കാണ് ഏജൻസി നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പുതിയ ഏജൻസിക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചുമതല നൽകുന്നതിന് മുമ്പ് ഇതു സംബന്ധിച്ച എന്തെങ്കിലും പരസ്യം നൽകിയിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമവും മാനദണ്ഡവും എന്തൊക്കെയാണ്;

(എഫ്) ഇപ്പോൾ ഏജൻസി നൽകിയിട്ടുള്ള സ്ഥാപനം സ്വകാര്യ മേഖലയിലുള്ളതാണോ; എങ്കിൽ അതിന്റെ ഔദ്യോഗിക ഭാരവാഹികൾ ആരെല്ലാമാണ്; ഈ ഏജൻസിക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഏജൻസിയെ നിശ്ചയിച്ചത് ഏതു തരത്തിലാണെന്നും കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെയായി എന്തു തുക ഈ ആവശ്യത്തിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) വയനാട് ആദിവാസി മേഖലയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകരിക്കുകയും 2002-2003 വർഷം 7 കോടി രൂപയും 2003-2004 വർഷം 5.50 കോടി രൂപയും ഉൾപ്പെടെ ആകെ 12.50 കോടി രൂപ പ്രത്യേക അധിക കേന്ദ്ര സഹായമായി അനുവദിച്ചിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2003-2004 വർഷം 5.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 1-1-2004-ലെ സർക്കാർ ഉത്തരവ് (സാധാരണ) 5/2004/പ.ജ.പ.വ.വി. വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുവാൻ 5.50 കോടി രൂപ 2003-2004-ൽ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്യുന്നതു പോലെ ഒരു സന്നദ്ധ സംഘടനയെ (സോഷ്യോ ഇക്കോണമിക് യൂണിറ്റ് ഫൗണ്ടേഷൻ) തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന നിബന്ധനകളാണ് വച്ചിരുന്നത്:

i. വയനാട് ജില്ലയിലെ വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ മുഴുവൻ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തണം.

ii. പ്രോജക്ട് രൂപീകരണത്തിനും നിർവഹണത്തിനും അംഗീകൃത പ്രാദേശിക സന്നദ്ധ സംഘടനകളുടെ സേവനം മാത്രം തേടേണ്ടതാണ്.

iii. സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ ഫണ്ട് അനുവദിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഈ പദ്ധതിക്കും ഫണ്ട് അനുവദിക്കുന്നത്.

iv. പദ്ധതിയുടെ വിജയത്തിന് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഉറപ്പ് വരുത്തേണ്ടതാണ്.

v. ജില്ലാ തലത്തിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നത് ജില്ലാ കളക്ടറായിരിക്കും.

vi. പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗമനം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി വിലയിരുത്തും.

(സി) ഈ പദ്ധതിക്കുള്ള പ്രോജക്ട് കേന്ദ്ര ആസൂത്രണ കമ്മീഷന് സമർപ്പിച്ചപ്പോൾ പദ്ധതി നടപ്പിലാക്കുവാനുള്ള സാമൂഹ്യ സാങ്കേതിക സഹായം 'കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി' വഴി നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഏജൻസി ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ നിന്നും പിൻമാറിയതിന്റെ അടിസ്ഥാനത്തിലാണ് കേരള സർക്കാരിന്റെ ഒരു അക്രിഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly